# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2084

17.06.2014 ൽ മറുപടിയ്ക്ക്

## സഹകരണ വകുപ്പിന്റെ പലിശ ഇളവോടുകൂടിയ വിദ്യാഭ്യാസ വായ്പാ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസ ചെലവുകൾ താങ്ങാൻ കഴിയാത്ത പാവപ്പെട്ട വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ സഹായിക്കുന്നതിന് പലിശ ഇളവോടുകൂടിയ എന്തെങ്കിലും വായ്പാ പദ്ധതികൾ സഹകരണ വകുപ്പ് നടപ്പാക്കി വരുന്നുണ്ടോ;<br>ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) നാലര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ ബാധ്യത കേന്ദ്ര സർക്കാർ വഹിക്കുന്ന പലിശ സബ്സിഡി സ്കീം 2009 ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. ടി സ്കീമിൽ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ കീഴിലുള്ള ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും വിതരണം ചെയ്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. കേരളത്തിൽ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനിൽ അംഗത്വം ഉള്ള ഏക ഷെഡ്യൂൾഡ് ബാങ്ക് കേരള സംസ്ഥാന സഹകരണ ബാങ്ക് മാത്രമാണ്. ആയതിനാൽ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വിതരണം ചെയ്ത വിദ്യാഭ്യാസ വായ്പകൾക്ക് പലിശ സബ്സിഡി ലഭിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പലിശ സബ്സിഡി സ്കീമിൽ മറ്റ് സഹകരണ ബാങ്കുകൾ ഉൾപ്പെടുന്നില്ല എന്നതിനാൽ മറ്റ് സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾക്ക് പലിശ സബ്സിഡി ലഭിക്കുന്നില്ല. ഇക്കാര്യത്തിൽ സഹകരണ വകുപ്പ് പ്രത്യേക പലിശ ഇളവ് പദ്ധതികൾ നടപ്പിലാക്കുന്നില്ല. |

| | |
|---|---|
| (ബി) ഇല്ലെങ്കിൽ പ്രത്യേക വിദ്യാഭ്യാസ പലിശ ഇളവ് വായ്പാ പദ്ധതി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) 01.04.2009 ന് മുമ്പുള്ള പ്രസ്തുത വായ്പകളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ പലിശ ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ പ്രത്യേക പലിശ ഇളവ് പദ്ധതി പ്രായോഗികമാകില്ല. |

സെക്ഷൻ ഓഫീസർ